**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 902** **11-02-2025 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല മണ്ഡലത്തിൽ എത്ര ഉന്നതികൾ വികസിപ്പിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 7 ഗ്രാമങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉന്നതികളുടെ വികസന പുരോഗതി വിശദമാക്കുമോ? | (ബി) | 2016-17ൽ ഉൾപ്പെടുത്തിയിട്ടുള്ള പുളിയറക്കോണം കൈപ്പടക്കോണം, ഇ.പി.നഗർ എന്നീ ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.2019-20 ൽ ഉൾപ്പെട്ട ശ്രീനിവാസപുരം ഗ്രാമത്തിലെ 20 വീടുകളുടെ അറ്റകുറ്റപ്പണിയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 19 വീടുകളുടെത് പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 ൽ മുനിക്കുന്ന് ഗ്രാമത്തിന് 22.06.2024 തീയതിയിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22 തേരിയ്ക്കൽ പാറയിൽ ഗ്രാമത്തിന്റെ കമ്മ്യൂണിറ്റി ഹാൾ ഓവർ അംഗനവാടി, ഹൗസ് മെയിന്റനൻസ് എന്നിവയുടെ അവസാനഘട്ട പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. Retaining wall, Concrete road, Solar street light എന്നീ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. 2021-22 വട്ടപ്ലാമൂട് ഗ്രാമത്തിന് 5.12.2024 തീയതിയിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 2023-24 വണ്ടിപ്പുര ഹൗസിംഗ് നഗർ ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ